കൊൽക്കത്തയിലെ ബസിൽ സാമൂഹിക അകലം പാലിക്കാതെ തിക്കിത്തിരക്കി കയറുന്ന യാത്രക്കാർ.

കർഷകർക്ക് നല്ല കാലം വരുന്നു –മോഡി

ന്യൂദൽഹി–21–ാം നൂറ്റാണ്ടിലെ ഇന്ത്യക്ക് കാർഷിക പരിഷ്കരണ ബില്ലുകൾ പാസാക്കേണ്ടത് അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോഡി. കർഷകരിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങി സംഭരിക്കുന്നത് തുടരും. താങ്ങുവില സംവിധാനത്തിൽ മാറ്റം വരുത്തില്ലെന്നും അദ്ദേഹം ആവർത്തിച്ചു. ബിഹാറിൽ 9 ഹൈവേ പദ്ധതികളുടെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി.

കർഷകർ ഇത്രയും നാൾ കുരുക്കിലായിരുന്നു. ആനുകൂല്യം മുഴുവനും ലഭിച്ചിരുന്നത് ഇടനിലക്കാർക്കാണ്. ഇവർക്ക് പ്രയോജനം ലഭിക്കുന്ന വിധം പ്രവർത്തിക്കാൻ കർഷകർ നിർബന്ധിതരായിരുന്നു. ഇതിലാണ് പുതിയ കാർഷിക പരിഷ്കരണ ബില്ലുകളിലൂടെ സർക്കാർ മാറ്റം കൊണ്ടുവന്നതെന്ന് മോഡി പറഞ്ഞു.

കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ എവിടെയും വിൽക്കാനുള്ള അവസരമാണ് പുതിയ ബില്ലുകളിലൂടെ സാധ്യമായത്. കൂടാതെ ഇഷ്ടമുള്ള വിലയ്ക്ക് വിൽക്കാനുള്ള സാഹചര്യവും ഒത്തുവന്നിരിക്കുകയാണ്. കർഷകരെ ചിലർ തെറ്റിദ്ധരിപ്പിക്കുകയാണ്. ഗ്രാമ ചന്തകൾ ഇല്ലാതാകും എന്നെല്ലാം പറഞ്ഞാണ് തെറ്റിദ്ധരിപ്പിക്കുന്നത്. എന്നാൽ ഗ്രാമ ചന്തകൾ അതേപോലെ തുടരുമെന്ന് മോഡി പറഞ്ഞു.

കോവിഡിനിടയിലും റെക്കോർഡ് സംഭരണമാണ് സർക്കാർ നടത്തിയത്. കർഷകർക്കുള്ള പ്രതിഫലനത്തിന്റെ കാര്യത്തിലും റെക്കോർഡ് ഇട്ടിരിക്കുകയാണെന്നും മോഡി പറഞ്ഞു.

പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധങ്ങൾക്കും കർഷക സമരങ്ങൾക്കുമിടെ പാസാക്കിയ കാർഷിക ബിൽ ചരിത്രപരവും അനിവാര്യവുമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

കർഷകരെ തങ്ങളുടെ ഉൽപന്നങ്ങൾ എവിടെയും സ്വതന്ത്രമായി വ്യാപാരം ചെയ്യാൻ ഈ ബില്ലുകൾ പ്രാപ്തരാക്കും. കൂടുതൽ ലാഭം ലഭിക്കുന്നത്തിടത്ത് കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ വിൽക്കാൻ ഇതിലൂടെ കഴിയും.

ഇക്കഴിഞ്ഞ ജൂണിൽ കാർഷിക ഓർഡിനൻസുകൾ പുറപ്പെടുവിച്ച ശേഷം നിരവധി സംസ്ഥാനങ്ങളിലെ കർഷകർ പുതിയ സംവിധാനത്തിന്റെ പ്രതിഫലം നേടികൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി മോഡി പറഞ്ഞു. കർഷകർക്ക് നിരവധി ആനുകൂല്യങ്ങൾ ലഭിച്ചതിന്റെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ കർഷകർ മികച്ച രീതിയിലാണ് വിളവെടുക്കുന്നത്.

കാർഷിക മേഖലയിലെ ഈ ചരിത്രപരമായ വലിയൊരു വ്യവസ്ഥയുടെ മാറ്റത്തിന് ശേഷം ചില ആളുകൾക്ക് ഭയത്തിലാണ്. തങ്ങളുടെ നിയന്ത്രണത്തിൽ നിന്ന് കാര്യങ്ങൾ വഴുതിപ്പോകുമെന്നായപ്പോൾ താങ്ങുവിലയുടെ പേരിൽ അവർ കർഷകരെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമത്തിലാണെന്നും മോഡി പറഞ്ഞു.

തബ്‌ലിഗ് സമ്മേളനം വൻ തോതിൽ കോവിഡ് പടരാൻ കാരണമായെന്ന് കേന്ദ്ര സർക്കാർ

ന്യൂദൽഹി – ദൽഹി നിസാമുദീനിൽ നടന്ന തബ്‌ലിഗ് ജമാഅത്തിന്റെ സമ്മേളനം വൻ തോതിൽ കോവിഡ് പടരാൻ കാരണമായെന്ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ വ്യക്തമാക്കി.

കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് ഇക്കാര്യം വ്യക്തമാക്കിയത്. ദൽഹി പോലീസിന്റെ കോവിഡ് മുന്നറിയിപ്പുകൾ കണക്കിലെടുക്കാതെ അടച്ചിട്ട ഹാളിൽ സാമൂഹിക അകലം പാലിക്കാതെ സമ്മേളനം നടത്തിയത് കൂടുതൽ പേരിലേക്ക് രോഗം പടരുന്നതിന് ഇടയാക്കിയെന്നും ഇതു സംബന്ധിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ ആഭ്യന്തര സഹമന്ത്രി ജി. കിഷൻ റെഡ്ഡി വ്യക്തമാക്കി.

നിസാമുദീനിലെ സമ്മേളനത്തിന് ശേഷം പരിശോധന നടത്തിയപ്പോൾ സ്വദേശികളും വിദേശികളുമായി നിരവധി പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. മാർച്ച് 29ന് 2361 പേരെ സമ്മേളന സ്ഥലത്ത് നിന്നൊഴിപ്പിച്ചു. 233 പേരെ സംഭവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്ത 956 വിദേശികൾക്കെതിരേയും കേസെടുത്തു. ഇവർ 36 രാജ്യങ്ങളിൽ നിന്നുള്ളവരാണ്. ജമാഅത്ത് തലവൻ മൗലാന മുഹമ്മദിന് വേണ്ടിയുള്ള അന്വേഷണം തുടരുകയാണെന്നും ശിവസേന എംപി അനിൽ ദേശായിയുടെ ചോദ്യത്തിന് മറുപടിയായി ആഭ്യന്തര സഹമന്ത്രി വ്യക്തമാക്കി.

ബ്രിട്ടൻ അതിഗുരുതര അവസ്ഥയിലെന്ന് വിദഗ്ധർ

ലണ്ടൻ–കോവിഡ് വ്യാപനത്തിൽ യു.കെ അതിഗുരുതരമായ അവസ്ഥയിലാണെന്ന കടുത്ത മുന്നറിയിപ്പേകി മുതിർന്ന ശാസ്ത്രജ്ഞർ. രോഗത്തെ പിടിച്ച് കെട്ടുന്ന കാര്യത്തിൽ രാജ്യം തെറ്റായ ദിശയിലാണ് സഞ്ചരിക്കുന്നതെന്നും സർക്കാരിന്റെ ചീഫ് മെഡിക്കൽ ഓഫീസറായ പ്രൊഫ.ക്രിസ് വിറ്റി മുന്നറിയിപ്പേകി. കൊറോണ അധികരിച്ച് കൊണ്ടിരിക്കുന്നതിനാൽ വളരെയേറെ വെല്ലുവിളി നിറഞ്ഞ കാലമായിരിക്കും ശൈത്യകാലത്ത് ഉണ്ടാവുകയെന്നും അദ്ദേഹം പ്രവചിക്കുന്നു. കൂട്ടമരണങ്ങളുണ്ടാകും. ഇംഗ്ലണ്ടിൽ കോവിഡിനെ നിയന്ത്രിക്കുന്നതിനായി കടുത്ത നടപടികൾ നടപ്പിലാക്കാൻ പ്രധാനമന്ത്രി ബോറിസ് ജോൺസൻ നിർദ്ദേശിച്ചതിനു പിന്നാലെയാണ് ചീഫ് മെഡിക്കൽ ഓഫീസർ പുതിയ മുന്നറിയിപ്പുമായി രംഗത്തെത്തിയിരിക്കുന്നത്.

അതിനിടെ, ഇംഗ്ലണ്ടിലെ സ്കൂളുകൾ മൂന്നാഴ്ചയായി തുറന്ന് പ്രവർത്തിക്കുന്നുണ്ടെങ്കിലും അഞ്ച് ശതമാനം കുട്ടികൾ കോവിഡ് ലോക്ഡൗണുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലം ഇപ്പോഴും വീടുകളിൽ തന്നെ കഴിയുകയാണെന്ന് റിപ്പോർട്ട്.

ചിൽഡ്രൻസ് കമ്മീഷണറായ ആനി ലോംഗ്ഫീൽഡാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. രാജ്യമാകമാനം ലോക്ഡൗണിൽ ഇളവുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിരവധി കുട്ടികൾക്ക് ഇപ്പോഴും അതിന്റെ മാനസിക സമ്മർദത്തിൽ നിന്നും തിരിച്ച് വരാൻ സാധിക്കാത്ത പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ആനി പറയുന്നു. ചില കുട്ടികൾക്ക് ഇതിനെ തുടർന്ന് പ്രത്യേക ശ്രദ്ധ നൽകേണ്ടി വരുന്നുവെന്നും വെളിപ്പെട്ടിട്ടുണ്ട്. കുട്ടികൾക്ക് കോവിഡ് ടെസ്റ്റുകൾ ലഭ്യമാക്കുന്നതിൽ സർക്കാരിന് പാളിച്ചകൾ സംഭവിച്ചുവെന്നും ചിൽഡ്രൻസ് കമ്മീഷണർ വെളിപ്പെടുത്തി.

ബോളിവുഡ് ലഹരിക്കേസ്; ശ്രദ്ധ കപൂറിനെയും സാറാ അലിഖാനേയും ചോദ്യം ചെയ്തേക്കും

മുംബൈ – ബോളിവുഡ് താരം സുശാന്ത് സിങ് രാജ്പുത്തിന്റെ മരണവുമായി ബന്ധപ്പെട്ട ലഹരിക്കേസിൽ ശ്രദ്ധ കപൂർ, സാറ അലി ഖാൻ എന്നിവരെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചേക്കും. ഈ ആഴ്ച ഇവരെ നർക്കോടിക്സ് കൺട്രോൾ ബ്യൂറോ ചോദ്യം ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്. സുശാന്തിന്റെ മരണവുമായി ബന്ധപ്പെട്ട് റിയ ചക്രവർത്തിയെ ചോദ്യം ചെയ്തപ്പോൾ, ചില യുവതാരങ്ങളുടെ പേരുകൾ വെളിപ്പെടുത്തിയിരുന്നു. ബോളിവുഡിലെ ഭൂരിഭാഗം താരങ്ങളും ലഹരി ഉപയോഗിക്കുന്നവരാണെന്ന റിയയുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഇരുപത്തഞ്ചോളം പേരെയാണ് എൻബിസി നിരീക്ഷിക്കുന്നത്. കേസിൽ കൂടുതൽ ചോദ്യം ചെയ്യലുകൾ ഉണ്ടാകുമെന്ന് നേരത്തെ സൂചനകൾ ഉണ്ടായിരുന്നു. സുശാന്തിന്റെ കാമുകി റിയ ചക്രവർത്തി, റിയയുടെ സഹോദരൻ ഷോവിക് ചക്രവർത്തി, സുശാന്തിന്റെ ജോലിക്കാർ, ബോളിവുഡുമായി അടുത്ത ബന്ധമുള്ള ലഹരിക്കടത്തുകാർ എന്നിവരുൾപ്പെടെ 11 പേരാണ് നിലവിൽ അറസ്റ്റിലായിരിക്കുന്നത്.

റിയ ചക്രവർത്തിയും ഷോവിക് ചക്രവർത്തിയും സെപ്റ്റംബർ 9നാണ് അറസ്റ്റിലാകുന്നത്. അറസ്റ്റ് രേഖപ്പെടുത്തുന്നതിനു മുമ്പ് മൂന്നു ദിവസം റിയയെ ചോദ്യം ചെയ്തിരുന്നു. മകന് ലഹരി എത്തിച്ചു നൽകിയത് റിയയാണെന്ന സുശാന്തിന്റെ അച്ഛന്റെ പരാതിയിന്മേലായിരുന്നു നടപടി. സുശാന്തിനായി ലഹരി വാങ്ങുന്നതുമായി ബന്ധപ്പെട്ട് റിയ നടത്തിയ വാട്സാപ് ചാറ്റുകൾ പുറത്തുവന്നതും അന്വേഷണത്തിന് വേഗം കൂട്ടി. ചോദ്യം ചെയ്യലിനിടയിൽ റിയ ബോളിവുഡിലെ പല താരങ്ങളുടെയും പേര് പറഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ.

അഫ്ഗാനിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരെ പാക്കിസ്ഥാൻ ലക്ഷ്യം വെക്കുന്നുവെന്ന് കേന്ദ്രസർക്കാർ

ന്യൂദൽഹി–അഫ് ഗാനിസ്ഥാനിൽ ജോലി ചെയ്തുവരുന്ന ഇന്ത്യക്കാരെ പാക്കിസ്ഥാൻ ലക്ഷ്യം വെക്കുന്നുണ്ടെന്ന് കേന്ദ്രസർക്കാർ പാർലമെന്റിൽ അറിയിച്ചു. ഇവിടെ ജോലി ചെയ്യുന്ന ഇന്ത്യക്കാരെ കഴിഞ്ഞ 12 വർഷത്തിനുള്ളിൽ ആക്രമണം നടത്തുകയോ തട്ടിക്കൊണ്ടുപോവുകയോ ചെയ്തിട്ടുണ്ട്. കഴിഞ്ഞ കൊല്ലം സെപ്തംബർ മുതൽ അഫ്ഗാനിൽ ജോലി ചെയ്തുവന്ന നാല് ഇന്ത്യൻ യുഎൻ സെക്യൂരിറ്റി കൗൺസിൽ നിയമപ്രകാരം തീവ്രവാദികളായി പ്രഖ്യാപിക്കാനുള്ള ശ്രമം നടന്നിരുന്നുവെന്നും എന്നാൽ കൗൺസിൽ ഇത് തള്ളിക്കളഞ്ഞുവെന്നും കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി.മുരളീധരൻ ലോക്സഭയെ അറിയിച്ചു. ബന്ദികളാക്കിയിരുന്ന നിരവധി ഇന്ത്യക്കാരെ, അഫ്ഗാൻ സർക്കാരിന്റെ സഹായത്തോടെ മോചിപ്പിക്കാൻ കഴിഞ്ഞു. മാത്രമല്ല, ഇന്ത്യൻ എംബസിയ്ക്ക് നേരെയും കോൺസുലേറ്റുകൾക്ക് നേരെയും ആക്രമണങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. 2018 മേയിൽ അഫ്ഗാനിൽ നിന്ന് തട്ടിക്കൊണ്ടുപോയ ഏഴ് എൻജിനിയർമാരിൽ അവസാനത്തെയാളെയും അടുത്തിടെ മോചിപ്പിച്ചിരുന്നുവെന്നും മുരളീധരൻ പറഞ്ഞു.

പാക്കിസ്ഥാനിൽ അഭയം പ്രാപിച്ച് ഇന്ത്യയ്ക്കെതിരെ തീവ്രവാദം അഴിച്ചുവിടുന്ന നിരവധി ഭീകര സംഘടനകളെയും വ്യക്തികളെയും ഐക്യരാഷ്ട്ര സംഘടനയും യൂറോപ്യൻ യൂണിയനും മറ്റു രാജ്യങ്ങളും ആഗോള ഭീകരരായി പ്രഖ്യാപിച്ചിട്ടുണ്ട്. തീവ്രവാദികൾക്ക് സഹായം നൽകുന്നതിനെതിരെ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സും പാക്കിസ്ഥാനെതിരെ രംഗത്തെത്തിയിരുന്നുവെന്നും മുരളീധരൻ ചൂണ്ടിക്കാട്ടി.

പരിസ്ഥിതി ലോല മേഖലാ പ്രഖ്യാപനത്തിനെതിരെ എം. പിമാർ

ന്യൂദൽഹി – മലബാർ വന്യജീവി സങ്കേതത്തിന് ചുറ്റും പരിസ്ഥിതിലോല മേഖല പ്രഖ്യാപനത്തിന് മുന്നോടിയായി പുറത്തിറക്കിയ കരട് വിജ്ഞാപനം സംസ്ഥാന സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള കാര്യങ്ങൾ പരിഗണിച്ചാണെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി പ്രകാശ് ജാവഡേക്കർ. കരട് വിജ്ഞാപനത്തിലെ അപാകതകളും, ജനദ്രോഹപരമായ കാര്യങ്ങളും പിൻവലിക്കണമെന്നാവശ്യപ്പെട്ട് എംപിമാരായ കെ. മുരളീധരനും എം.കെ. രാഘവനും മന്ത്രിയുമായി പാർലമെന്റിൽ വെച്ച് നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. അതോടൊപ്പം കരട് വിജ്ഞാപനത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ സംബന്ധിച്ച പരാതികൾ പരിശോധിക്കാൻ കേന്ദ്രസർക്കാർ സന്നദ്ധമാണെന്ന വിവരവും മന്ത്രി അറിയിച്ചു.

കോഴിക്കോട്, വടകര, വയനാട് പാർലമെന്റ് മണ്ഡലങ്ങളിലെ പതിമൂന്നോളം വില്ലേജുകളാണ് നിർദ്ദേശിക്കപ്പെട്ട പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുന്നത്. കരട് വിജ്ഞാപനത്തിൽ പറയുന്ന വലിയ തോതിലുള്ള ഖനനം, അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായ സംരംഭങ്ങൾ എന്നിവ നിരോധിക്കുന്നതിനെ പൂർണമായും സ്വാഗതം ചെയ്യുന്നുവെന്നും, ജനവാസ മേഖലകളിലുള്ളവരെ സാരമായി ബാധിക്കുന്ന കൃഷി, അടിസ്ഥാന സൗകര്യങ്ങൾ, ആശയവിനിമയ സൗകര്യങ്ങൾ, രാത്രികാല ഗതാഗതം എന്നിവയെ ഇല്ലായ്മ ചെയ്യുന്ന നടപടിയെ ശക്തമായി എതിർക്കുന്നതായും എംപിമാർ മന്ത്രിയെ അറിയിച്ചു.

പ്രസ്തുത പ്രദേശത്ത് 20–ാം നൂറ്റാണ്ടിന്റെ മധ്യകാലം മുതൽ തന്നെ കാർഷിക വൃത്തി ആരംഭിച്ചിട്ടുള്ളതും, ഈ ഭാഗങ്ങളിലുള്ളവർ പൂർണ്ണമായും കൃഷിയെയും, കൃഷിഭൂമിയെയും ആശ്രയിച്ച് കഴിയുന്നവരുമാണ്. അവരെയാണ് പരിസ്ഥിതി ലോല മേഖലാ പ്രഖ്യാപനം ബാധിച്ചിട്ടുള്ളത്. കേരളത്തിന്റെ ജനസാന്ദ്രത ദേശീയ ശരാശരിയായ 383 നേക്കാൾ ഉയർന്ന് 860 ലും, സംരക്ഷണ വനമേഖല ദേശീയ ശരാശരി 20 ശതമാനത്തിലുള്ളപ്പോൾ കേരളത്തിൽ 30 ശതമാനവുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ ജനവാസമേഖലയും, കൃഷിഭൂമികളും പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്ന് മന്ത്രിയെ ബോധ്യപ്പെടുത്തി.

കാറികൾ സ്ഥിതി ചെയ്യുന്ന മേഖലകളിൽ വിട്ടുവീഴ്ച ചെയ്ത് ജനവാസകേന്ദ്രങ്ങളിൽ പരമാവധി ഭൂമി ഇതിൽ ഉൾപ്പെടുത്തിയത് വ്യക്തമായ നടപടിക്രമങ്ങൾ പാലിച്ചോ, സർവ്വേ നടത്തിയോ അല്ല. കേരള സർക്കാർ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന പോലെ ഈ മേഖലകളിലെ ബാധിക്കപ്പെടുന്ന ജനസംഖ്യ വെറും പതിനായിരത്തിൽ ഒതുങ്ങുന്നതല്ല, വ്യക്തമായ സർവേ നടത്തിയാൽ രണ്ടു ലക്ഷത്തോളമാണെന്ന വസ്തുത പുറത്തുവരും. ജനങ്ങളുടെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായ നിലപാടുകൾ ജനാധിപത്യ അന്തരീക്ഷത്തെ തകർക്കും.

പത്തു വർഷം മുൻപ് ഇതിന് സമാനമായി ഗൂഡല്ലൂരിൽ പ്രഖ്യാപിച്ച പരിസ്ഥിതി ലോല പ്രഖ്യാപനം ഒരു പാഠമാണെന്നും നിസ്സഹായരായ ഒരു ജനതയുടെ ഭാവി അതിനെ മുൻനിർത്തി കാണാൻ സാധിക്കുമെന്നും എം.പിമാർ ചൂണ്ടിക്കാട്ടി. ഇതിന് പരിധിയിൽ വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളും ഇതിനെതിരെ ഐകകണ്ഠ്യേന പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ട്. കർഷകരുടെ സ്വന്തം ഭൂമിയിലെ കിണർ നിർമ്മാണം പോലും നിയന്ത്രിക്കുന്നതും മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വിലക്കേർപ്പെടുത്തുന്നതും ജനങ്ങളെ ഇരുട്ടിലേക്ക് തള്ളിവിടുന്നതിന് തുല്യമാണെന്ന് കെ മുരളീധരനും എംകെ രാഘവനും ചൂണ്ടിക്കാട്ടി.

ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രദേശത്തെ പാർലമെന്റ് അംഗങ്ങൾ, സംസ്ഥാന സർക്കാരിന്റെ പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് വിദഗ്ധർ എന്നിവരുടെ അടിയന്തര യോഗം വിളിച്ച് ചേർക്കണമെന്നും, പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കപ്പെടുന്ന രണ്ട് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ വിഷയമെന്ന നിലയിൽ സത്വര ഇടപെടൽ വേണമെന്നും എംപിമാർ വനം പരിസ്ഥിതി മന്ത്രിയോട് ആവശ്യപ്പെട്ടു.

ഡിജിറ്റൽ മാധ്യമങ്ങൾക്ക് നിയന്ത്രണം വേണമെന്ന് കേന്ദ്രം സുപ്രീംകോടതിയിൽ

ന്യൂദൽഹി –ഡിജിറ്റൽ മാധ്യമങ്ങളുടെ പ്രവർത്തനം പൂർണമായും അനിയന്ത്രിതമാണെന്നും വിദ്വേഷവും അക്രമവും പ്രചരിപ്പിക്കുന്നതിന് പുറമേ ആളുകളുടെ യശസ്സിനെ കളങ്കപ്പെടുത്തുവെന്നും കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ. സുദർശൻ ടിവിയിലെ യുപിഎസ്സി ജിഹാദിനെതിരായ കേസിൽ സമർപ്പിച്ച രണ്ടാമത്തെ സത്യവാങ്മൂലത്തിലാണ് കേന്ദ്രം ഇക്കാര്യം അറിയിച്ചത്. ഡിജിറ്റൽ മീഡിയയുടെ നിയമങ്ങൾ ഒരു വിഷയമാണെന്നും അത് പാർലമെന്റ് പരിശോധിക്കണമെന്നും കേന്ദ്രം വ്യക്തമാക്കി. ഇക്കാര്യത്തിൽ മാർഗനിർദേശങ്ങൾ കൊണ്ട് വരാൻ ആലോചിക്കുന്നുണ്ടെങ്കിൽ ഡിജിറ്റൽ മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും കേന്ദ്രം പറഞ്ഞു. ചാനലിനും പത്രങ്ങൾക്കും മതിയായ നിയന്ത്രണങ്ങൾ ഉണ്ട്. എന്നാൽ ഡിജിറ്റൽ മാധ്യമങ്ങളുടെ കാര്യങ്ങൾ അത്തരത്തിലല്ലെന്നും കേന്ദ്രം സുപ്രീംകോടതിയിൽ അറിയിച്ചു. വാർത്താ ചാനലിന് അനുമതി നൽകുന്നതിന് മുമ്പ് ദേശീയ സുരക്ഷ കൂടി ആഭ്യന്തര മന്ത്രാലയം പരിശോധിക്കുമെന്ന് സർക്കാർ അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ള കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഡിജിറ്റൽ മാധ്യമങ്ങളാണ് കൂടുതൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതെന്നും കേന്ദ്രം വ്യക്തമാക്കി.

സിവിൽ സർവീസിൽ കൂടുതലായി മുസ്‌ലീങ്ങൾ എത്തുന്നത് യുപിഎസ്സി ജിഹാദാണെന്നാരോപിച്ച സുദർശൻ ടിവിയുടെ കേസിൽ രണ്ടാമത്തെ സത്യവാങ്മൂലത്തിലാണ് സർക്കാർ ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

പരിപാടിക്ക് സുപ്രീംകോടതി നേരത്തെ വിലക്കേർപ്പെടുത്തിയിരുന്നു. പരിപാടി ഒരു പ്രത്യേകം സമുദായത്തെ വഞ്ചിക്കുന്നതാണെന്നായിരുന്നു സുപ്രീം കോടതിയുടെ കണ്ടെത്തൽ.

ഫേസ്ബുക്കിനെയും വാട്സാപ്പിനെയും നിയമം കൊണ്ട് നിയന്ത്രിക്കുക അസാധ്യം

ന്യൂദൽഹി – സാമൂഹ്യമാധ്യമങ്ങളായ ഫേസ്ബുക്കിനെയും വാട്സ്ആപ്പിനെയും നിലവിലുള്ള നിയമങ്ങൾ കൊണ്ട് നിയന്ത്രിക്കുക അസാധ്യമെന്ന് കേന്ദ്രസർക്കാർ. അതുകൊണ്ടുതന്നെ ഇവയെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കേന്ദ്രസർക്കാർ. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെ മധ്യവർത്തിയായാണ് പരിഗണിക്കുന്നതാണ് നിലവിലുള്ള നിയമം. മധ്യവർത്തികൾക്ക് മേൽ കുറ്റകൃത്യത്തിന്റെ ബാധ്യത ചുമത്താൻ സാധിക്കില്ല. കേന്ദ്ര സർക്കാരോ ഏജൻസികളോ വാട്സ്ആപ്പിലൂടെ പ്രക്ഷേപണം ചെയ്ത സന്ദേശമോ ശബ്ദമോ പരിശോധിച്ചിട്ടില്ലെന്നും കേന്ദ്രം അറിയിച്ചു. വിവര സാങ്കേതിക മന്ത്രാലയത്തിന്റെതാണ് രേഖാമൂലം ഉള്ള മറുപടി.

വൈറ്റ്ഹൗസിലേക്ക് മാരക വിഷമുള്ള കത്തയച്ച സംഭവം; സ്ത്രീ അറസ്റ്റിൽ

വാഷിംഗ്ടൺ–വൈറ്റ്ഹൗസിലേക്ക് മാരകമായ റൈസിൻ വിഷം കലർന്ന കത്ത് അയച്ച സംഭവത്തിൽ സ്ത്രീ അറസ്റ്റിൽ. ഇവരുടെ പേര് വെളിപ്പെടുത്തിയിട്ടില്ല. ന്യൂയോർക്ക് കാനഡ അതിർത്തിയിൽ കസ്റ്റംസും അതിർത്തി രക്ഷാ ഉദ്യോഗസ്ഥരും ചേർന്നാണ് സ്ത്രീയെ അറസ്റ്റ് ചെയ്തതെന്നാണു റിപ്പോർട്ട്. അതേസമയം, സർക്കാർ തപാൽ കേന്ദ്രത്തിൽ വെച്ചു തന്നെ പാഴ്സലിൽ വിഷം ഉൾക്കൊള്ളുന്നതായി തിരിച്ചറിഞ്ഞതിനാൽ വൈറ്റ് ഹൗസിലേയ്ക്ക് പാഴ്സൽ എത്താതെ തടയാൻ സാധിച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ജൈവായുധമായി ഉപയോഗിക്കാനാകുന്ന അതിമാരക വിഷമാണ് റസിൻ. ശരീരത്തിന് ഉള്ളിലെത്തുകയോ ശ്വസിക്കുകയോ കുത്തിവെക്കുകയോ ചെയ്താൽ മരണകാരണമാകും. വിഷബാധയേറ്റ് 3672 മണിക്കൂറുകൾക്കുള്ളിൽ മരണം സംഭവിക്കും. ഇതിന് നിലവിൽ മറുമരുന്നുകളൊന്നുമില്ല. മുൻപും വൈറ്റ് ഹൗസിലേക്ക് മാരക വിഷം ഉൾക്കൊള്ളുന്ന പാഴ്സലുകൾ അയക്കപ്പെട്ടിട്ടുണ്ട്. ബരാക് ഒബാമ പ്രസിഡന്റായിരുന്ന കാലത്ത് രണ്ടു തവണ റസിൻ ഉൾക്കൊള്ളുന്ന കത്തുകൾ വൈറ്റ് ഹൗസിലേയ്ക്ക് അയച്ച രണ്ടു സംഭവങ്ങളിൽ രണ്ടു പേരെ അറസ്റ്റ് ചെയ്തിരുന്നു.

നൊബേൽ പുരസ്കാരം തനിക്ക് തന്നെ – ട്രംപ്

വാഷിംഗ്ടൺ – ഇത്തവണത്തെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം തനിക്ക് തന്നെയെന്ന് ഉറപ്പിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. സെർബിയയും കൊസോവോയും തമ്മിലുള്ള കൂട്ടക്കുരുതി അവസാനിപ്പിക്കുന്ന തനിക്കായിരിക്കും സമാധാനത്തിനുള്ള നൊബേൽ പുരസ്കാരമെന്ന് നോർത്ത് കരോളിനിലെ തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കവെ ട്രംപ് പറഞ്ഞു. ഇസ്രയേലും യുഎഇയുമായി സമാധാന കരാർ ഒപ്പിടാൻ മധ്യസ്ഥത വഹിച്ച ട്രംപിനെ മുൻപ് സമാധാനത്തിനുള്ള നൊബേൽ പുരസ്കാരത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. നോർവേ പാർലമെൻറ് അംഗമായ ട്രൈബ്രിംഗ് ജെഡെയാണ് ട്രംപിനെ 2021ലെ നൊബേലിന് ശുപാർശ ചെയ്തത്.

ആയിരക്കണക്കിന് ആളുകളുടെ മരണത്തിന് കാരണമായ ഒന്നായിരുന്നു കൊസോവോ ലിബറേഷൻ ആർമി–സെർബിയൻ പോരാട്ടം. സെപ്റ്റംബർ ആദ്യ വാരം വൈറ്റ് ഹൗസ് സെർബിയൻ പ്രസിഡന്റ് അലക്സാണ്ടർ വുസിക്കും കൊസോവോ പ്രധാനമന്ത്രി അവ്ദുള്ള ഹോതിയും തമ്മിൽ ചർച്ച നടത്തിയിരുന്നു. എന്നാൽ, സമാധാനപരമായ മുന്നേറ്റം ചർച്ചയിലൂടെ നേടാൻ കഴിഞ്ഞില്ല.

ഇന്ത്യയിൽ ശൈശവ വിവാഹവും ബാലവേലയും കുതിച്ചുയരുന്നു

ന്യൂദൽഹി – കോവിഡ് എല്ലാവരുടേയും ജീവിതത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഈ കോവിഡ് കാലം ഇന്ത്യയിലെ പെൺകുട്ടികളുടെ ബാല്യവും കൗമാരവും എല്ലാം കരിച്ചുകളയുകയാണ് എന്നാണ് റിപ്പോർട്ടുകൾ. മുൻവർഷങ്ങളെ അപേക്ഷിച്ച് ശൈശവ വിവാഹങ്ങൾ കൂടുന്നു എന്നാണ് റിപ്പോർട്ട്.

ജൂൺ, ജൂലൈ മാസങ്ങളിൽ ചൈൽഡ് ലൈനിൽ ലഭിച്ച ഫോൺകോളുകളുടെ വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. ശൈശവ വിവാഹം സംബന്ധിച്ച ഫോൺ കോളുകളിൽ മാത്രം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 17 ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കുകൾ.

കോവിഡ് കാരണം ദശലക്ഷക്കണക്ക് ആളുകൾക്കാണ് ജോലി നഷ്ടപ്പെട്ടിരിക്കുന്നത്. കാര്യങ്ങൾ ഇനിയും സങ്കീർണമാകാനുള്ള സാധ്യതകളാണ് കൂടുതൽ. ജോലി നഷ്ടപ്പെട്ടവർ സ്വന്തം നാടുകളിലേക്ക് തിരികെ എത്തിക്കൊണ്ടിരിക്കുകയാണ്.

ചെറുപ്പക്കാരായ പുരുഷൻമാരാണ് ഇത്തരത്തിൽ തിരികെ എത്തുന്നതിൽ അധികവും. പെൺകുട്ടികളുടെ രക്ഷിതാക്കൾ അവരുടെ മക്കളുടെ സുരക്ഷയെ ഓർത്തും ഭാവിയെ കുറിച്ചോർത്തും ആശങ്കാകുലരാണ്. അതുകൊണ്ടാണ് പലരും കുട്ടികളെ പെട്ടെന്ന് വിവാഹം കഴിപ്പിച്ചയക്കാൻ നോക്കുന്നത്. കോവിഡ് കാലത്ത് വിവാഹം ചെലവ് കുറഞ്ഞ ഒരു ഏർപ്പാടാണ്. അത്തരത്തിൽ പണച്ചെലവ് കുറയ്ക്കുന്നതിന് വേണ്ടി പോലും ചിലർ തങ്ങളുടെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ഈ സമയത്ത് വിവാഹം കഴിപ്പിച്ചയയ്ക്കുകയാണ്. മഹാരാഷ്ട്രയിലെ വനിതാ ശിശുക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് കമ്മീഷണറെ ഉദ്ധരിച്ചാണ് ബിബിസി ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. സ്കൂളുകൾ തുറക്കാത്തത് ശൈശവ വിവാഹം കൂടുന്നതിനുള്ള മറ്റൊരു കാരണമാണ്. പ്രത്യേകിച്ചും ഒറീസ പോലുള്ള സംസ്ഥാനങ്ങളിൽ. നിയമവിരുദ്ധമായ ഇത്തരം വിവാഹങ്ങളെ സംബന്ധിച്ച് പുറംലോകത്ത് വിവരം എത്തിക്കാൻ കുട്ടികൾക്കുള്ള ഒരു വഴിയായിരുന്നു സ്കൂളുകൾ. കോവിഡ് വന്നതോടെ സ്കൂളുകൾ എല്ലാം അടച്ചിട്ടിരിക്കുകയാണിപ്പോൾ. കോവിഡ് വന്നതോടെ രാജ്യത്ത് ബാലവേലയും കൂടുകയാണ് എന്നാണ് ബിബിസി വാർത്തയിൽ പറയുന്നത്. കടുത്ത പട്ടിണി തന്നെയാണ് ഇതിന് കാരണം. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നതിന് ഒരു കാരണം സ്കൂളുകൾ തുറക്കാത്തതും ആണ്. സുഹൃത്തുക്കൾ എവിടെയെന്ന് പോലും പല ഗ്രാമീണ മേഖലകളിലും കുട്ടികൾ അറിയുന്നുപോലും ഇല്ല.

ഓസ്ട്രേലിയൻ തീരത്തെ മണൽത്തിട്ടയിൽ തിമിംഗലങ്ങൾ കുടുങ്ങി

സിഡ്നി – ഓസ്ട്രേലിയയുടെ പടിഞ്ഞാറൻ തീരത്ത് മണൽത്തിട്ടയിൽ 270 ഓളം തിമിംഗലങ്ങൾ കുടുങ്ങിയതായി റിപ്പോർട്ട്. ഇവയെ രക്ഷപ്പെടുത്താനുള്ള പദ്ധതി തയ്യാറാക്കുകയാണ് സമുദ്ര ജീവ ശാസ്ത്രജ്ഞർ. പൈലറ്റ് തിമിംഗലങ്ങളെന്ന് കരുതുന്ന 25ഓളം തിമിംഗലങ്ങൾ മണൽത്തിട്ടയിൽ കുടുങ്ങി ചത്തതായും ഗവേഷകർ പറഞ്ഞു. കടൽ ഡോൾഫിൻ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ് ചത്തടിഞ്ഞിരിക്കുന്നത്. മുമ്പും തിമിംഗലങ്ങൾ ഈ മേഖലയിൽ കുടുങ്ങിയിട്ടുണ്ടെങ്കിലും ഇത്രയധികം തിമിംഗലങ്ങൾ ഒരുമിച്ച് കുടുങ്ങുന്നത് അപൂർവമാണ്. ഏത് മാർഗത്തിലൂടെയാണ് തിമിംഗലങ്ങളെ രക്ഷപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച് ചർച്ചകൾ നടക്കുകയാണെന്നും ഉടൻ രക്ഷാദൗത്യം ആരംഭിക്കുമെന്ന് ടാസ്മാനിയ പാർക്ക്സ് ആന്റ് വൈൽഡ് ലൈഫ് സർവീസ് മാനേജർ നിക്ക് ഡേക പറഞ്ഞു. തിമിംഗലങ്ങളുടെ സാമൂഹിക ജീവിതം വളരെ ശക്തമാണ്. കൂട്ടത്തിലെ ഒരാൾക്ക് അപകടം പറ്റിയാലോ മറ്റോ മറ്റ് സംഘാംഗങ്ങൾ അവിടേക്കെത്തുന്നത് അവയുടെ ശീലമാണെന്നും അങ്ങനെ മണൽത്തിട്ടയിൽ കുടുങ്ങിയതാവാമെന്നും നിക് വിശദീകരിച്ചു.

കൊൽക്കത്തയിൽ മഴ പെയ്തപ്പോൾ കുട ചൂടി റെയിൽവേ ഫുട് ഓവർ ബ്രിഡ്ജിലൂടെ പോകുന്ന യാത്രക്കാരി.

NANMMA
SUMMER
Camp

യു.എസിലെ മലയാളി കൂട്ടായ്മയായ നന്മയുടെ സമ്മർ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ.

നന്മ സമ്മർക്യാമ്പ് സമാപിച്ചു

ഷിക്കാഗോ–നോർത്ത് അമേരിക്കൻ നെറ്റ്‌വർക്ക് ഓഫ് മലയാളി മുസ്‌ലിം അസോസിയേഷൻസ് (നൻമ) വേനലവധിക്കാലത്ത് അമേരിക്കയിലെയും കാനഡയിലേയും കുട്ടികൾക്കു സംഘടിപ്പിച്ച ക്യാമ്പിന് ഗ്രാജുവേഷൻ പ്രോഗ്രാമോടെ ഉജ്ജ്വല സമാപനം. ആറാഴ്ച്ച നീണ്ടുനിന്ന ക്യാമ്പാണ് അവസാനിച്ചത്. റെയ്ന വളപ്പിലകത്ത് നിയന്ത്രിച്ച ഗ്രാജുവേഷൻ പ്രോഗ്രാമിൽ , നന്മ വിദ്യാഭ്യാസവിഭാഗം പ്രോഗ്രാം ലീഡർ ഡോ. മുഹമ്മദ് അബ്ദുൽ മുനീർ ആമുഖഭാഷണം നടത്തി.

വ്യക്തിത്വ വികസനം, ശാസ്ത്ര സാങ്കേതിക വാണിജ്യ മേഖലകൾ, കലയും കരകൗശലവിദ്യയും, പ്രകൃതിപരിസ്ഥിതി നിരീക്ഷണം, കളികളും വിനോദങ്ങളും, അഭിരുചികളും മൂല്യങ്ങളും, സംരംഭകത്വം, ധാർമ്മിക പാഠങ്ങൾ തുടങ്ങിയ വിഷയങ്ങളിലായാണ് ക്ലാസ്സുകളും പ്രവർത്തനങ്ങളും ക്രമീകരിച്ചിരുന്നത്. ഓരോ പ്രായത്തിലുള്ളവർക്കും യോജിച്ച രീതിയിൽ സംവിധാനിച്ച ക്യാമ്പിൽ ഇരുനൂറിലധികം കുട്ടികൾ പങ്കെടുത്തു. തിങ്കൾ മുതൽ വെള്ളി വരെ പൊതുവായതും ഓരോ വിഭാഗങ്ങൾക്കും പ്രത്യേകമായും ഉള്ള സെഷനുകൾ കളികളും വിനോദങ്ങളും ചേർത്തു കുട്ടികളുടെ അഭിരുചിക്കിണങ്ങിയ പരസ്പര സംവേദനാത്മക സെഷനുകളായാണ് ആസൂത്രണം ചെയ്തിരുന്നത്. നൻമ യു. എസ്. പ്രസിഡണ്ട് ഒമർ സിനാഫും കാനഡ പ്രസിഡണ്ട് മുസ്തഫ കെപിയും അദ്ധ്യക്ഷ പ്രസംഗങ്ങൾ നടത്തി. ചെയർമാൻ സമദ് പൊനേരി ആശംസാ പ്രസംഗം നടത്തിയ പരിപാടിയിൽ പ്രോഗ്രാം ഡയറക്ടർ കുഞ്ഞു പയ്യോളി, വൈസ്പ്രസിഡണ്ട് ഫിറോസ് മുസ്തഫ തുടങ്ങിയവർ സംസാരിച്ചു. രക്ഷിതാക്കൾ അവരുടെ ക്യാമ്പ് അനുഭവം പങ്കുവെച്ചു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകി. വേനലവധിക്കാലത്ത് നൻമ യൂത്തിൻെറ ആഭിമുഖ്യത്തിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കോഡിങ്ങ് വർക്ക്ഷോപ്പും സംഘടിപ്പിച്ചിരുന്നു. ഐടി രംഗത്തെ പ്രമുഖർ നയിച്ച വർക്ക് ഷോപ്പിൽ എൺപത് വിദ്യാർത്ഥികൾ പങ്കെടുത്തു.